FRIDAY 21.07.2023 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–21/07/2023.

1. കൃഷി വകുപ്പിന്റെ നാളികേര വികസന കൗൺസിൽ പദ്ധതിയുമായി ബന്ധപ്പെട്ട് അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ പോത്തൻകോട് കൃഷിഭവനിൽ എത്തിയിട്ടുണ്ട്. ആവശ്യമുള്ളവർക്ക് കൃഷിഭവനിൽ നേരിട്ടെത്തിയോ ഗ്രൂപ്പ് മുഖേനയോ ബുക്ക് ചെയ്യാവുന്നതാണ്. 100 രൂപ വിലയുള്ള അത്യുൽപ്പാദന ശേഷിയുള്ള സാധാരണ ഇനത്തിനു WCT 50 രൂപയും, 250 രൂപ വിലയുള്ള ഹൈബ്രിഡ് (ടി x ഡി) ഇനത്തിന് 125 രൂപയും അടക്കേണ്ടതാണ്. തൈകൾ വാങ്ങാൻ വരുമ്പോൾ കരം അടച്ച രസീത് കൊണ്ടുവരേണ്ടതാണ്

2. ക്ഷീരവികസന വകുപ്പ് കോട്ടയം ജില്ലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെയും ഏറത്തുവടകര ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെയും ആഭിമുഖ്യത്തിൽ പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഒരു പാൽഗുണനിയന്ത്രണ ബോധവൽകരണ പരിപാടി ഈ മാസം 22ന് (ജൂലൈ 22) രാവിലെ 10.30 ന് ഏറത്തുവടകര സാസ്കാരിക നിലയം ഹാളിൽ വച്ച് സംഘടിപ്പിക്കുകയാണ്. ക്ഷീരവികസന വകുപ്പിലെ സാങ്കേതിക വിദഗ്ദർ പരിപാടിയിൽ ക്ലാസ്സുകൾ നയിക്കുന്നതാണ്. ഈ പരിപാടിയിലൂടെ ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ മെച്ചപ്പെടുന്നതിന് ആവശ്യമായ ശാസ്ത്രീയ വശങ്ങളെ കുറിച്ച് ബോധവല്കരണം നൽകുന്നു.

3. കോട്ടയം കപ്പാട് സർക്കാർ പന്നിഫാമിൽ നിന്നും ശുദ്ധജനുസ്സിൽപ്പെട്ട ലന്റ്റേസ്, ടു വേ ക്രോസ് പന്നിക്കുഞ്ഞുങ്ങൾ ലഭ്യമാണ്. ആവശ്യമുള്ളവർ 04828235621 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് ആഗസ്റ്റ് 9 മുതൽ 11 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

5. റബ്ബർ ബോർഡിന്റെ മാർക്കറ്റ് പ്രൊമോഷൻ ഡിവിഷനിൽ 'ഇലക്ട്രോണിക് ട്രേഡിങ് പ്ലാറ്റുഫോമു'മായി ബന്ധപ്പെട്ട ജോലികൾക്ക് 'ബിസിനസ്സ് ട്രെയിനി' ആയി താൽകാലികാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ മാസ്റ്റർ ഓഫ് ബിസിനസ്സ് അഡ്മിനിസ്ട്രേഷൻ (മാർക്കറ്റിങ്)-ൽ ബിരുദമോ ഇക്കണോമിക്സിൽ മാസ്റ്റർ ബിരുദമോ ഉള്ളവരും കംപ്യൂട്ടർ പരിചയം ഉള്ളവരും ആയിരിക്കണം. മാർക്കറ്റിങ്/ സെയിൽസ്/മാർക്കറ്റ് റിസേർച്ച് എന്നിവയിലെ പ്രവൃത്തിപരിചയം അഭികാമ്യം. കോട്ടയത്ത് പുതുപ്പള്ളിയിലെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മാർക്കറ്റ് പ്രൊമോഷൻ ഡിവിഷനിലെ ഒരു ഒഴിവിലേക്കാണ് നിയമനം. താത്പര്യമുള്ളവർ ഇന്ന് (ജൂലൈ 21) വൈകിട്ട് 5.00 മണിക്ക് മുമ്പായി ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിങ്), മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രം, കോട്ടയം-9 എന്ന വിലാസത്തിൽ അപേക്ഷകൾ നൽകിയിരിക്കണം. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ അർഹത നേടുന്നവരുടെ ലിസ്റ്റും ഇന്റർവ്യൂ തീയതിയും റബ്ബർബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി അവർ ഹാജരാകേണ്ടതാണ്. ഇതു സംബന്ധിച്ച് മറ്റ് അറിയിപ്പുകൾ ഉണ്ടായിരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.org.in സന്ദർശിക്കുക.

**പരിശീലന പരിപാടി**

6. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈമാസം 25, 26 തീയതികളിൽ കറവപ്പശു പരിപാലനം എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ നേരിട്ടോ ഓഫീസ് സമയങ്ങളിൽ 04892-234323 എന്ന നമ്പറിൽ വിളിച്ചോ 9188522706 എന്ന നമ്പറിൽ വാട്സ്ആപ്പ് സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ ഈ മാസം 25, 26 തിയതികളിൽ തീറ്റപുൽ കൃഷി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 81-13-89-31-59 ലേക്ക് whatsapp ചെയ്യുകയോ 0471-2501706 ലേക്ക് പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രഷേൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾ കരുതേണണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 24, 25 (ജൂലൈ 24,25) തീയതികളിൽ **പശു വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0471-2732918 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.

9. കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ വച്ച് ഈ മാസം 25 ന് (25.7.23) രാവിലെ 10 മണിക്ക് **വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തൽ** എന്ന വിഷയത്തിൽ ഏകദിന പ്രായോഗിക പരിശീലനം സംഘടിപ്പിക്കുന്നു. ആടുകളുടെ വിവിധ ഇനം ബ്രീഡുകൾ, തെരെഞ്ഞെടുപ്പ് ശാസ്ത്രീയമായ തീറ്റക്രമം, ആട്ടിൻകൂട് നിർമ്മാണം, ആരോഗ്യ പരിപാലനം, ശാസ്ത്രീയ പ്രജനന രീതി തുടങ്ങി ആദായകരമായ ആട് വളർത്തൽ നടത്തുന്നതിന് വേണ്ട ശാസ്ത്രീയ നിർദ്ദേശങ്ങൾ, മാർക്കറ്റിംഗ്, ആട് ഫാം പ്രൊജക്റ്റ് എന്നിവയെക്കുറിച്ച് വിശദമായ ക്ലാസ്സും ആട് ഫാം സന്ദർശനവും ഉൾപ്പെടുത്തിയാണ് ട്രെയിനിങ് ക്രമീകരിച്ചിരിക്കുന്നത്. പ്രസ്തുത ട്രെയ്നിങ്ങിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 22.7.23 നുള്ളിൽ 0487-2370773 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ (10 am -5 pm) വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. **കാർഷിക നിർദ്ദേശം -വാഴ** വാഴത്തോട്ടങ്ങളിൽ മണ്ണിൽ നനവുണ്ടെന്നു ഉറപ്പുവരുത്തി പി.ജി.പി.ആർ.മിക്സ് (കുഴി ഒന്നിന് 50-100 ഗ്രാം) അഞ്ചു കിലോഗ്രാം ജൈവവളവുമായി കലർത്തി നൽകാവുന്നതാണ്. കടലപ്പിണ്ണാക്ക് ഒരു കിലോഗ്രാം വച്ച് നൽകുന്നത് വാഴയ്ക്ക് അനുയോജ്യമാണ്. വേപ്പിൻ പിണ്ണാക്ക് പല തവണയായി നൽകുന്നത് വഴി കീടനിയന്ത്രണവും സാധ്യമാകും.

**വാഴ-വളപ്രയോഗം**

നട്ടു 3,6,9,10 മാസമായ വാഴകളിൽ പഞ്ചഗവ്യം (3%) ഇലകളിൽ മഴ ഇല്ലാത്തപ്പോൾ തളിച്ച് കൊടുക്കാവുന്നതാണ്. ജൈവവളങ്ങൾ വാഴ നട്ടു രണ്ടാം മാസവും നാലാം മാസവും തുല്യ തവണകളായി നൽകാം. പയറുവർഗ്ഗ വിളകൾ ഇടസ്ഥലത്തു വിതച്ചു - 40 ദിവസം ആകുമ്പോൾ മണ്ണിൽ ചേർത്ത് കൊടുക്കുക. ഇവയെല്ലാം വളർച്ചയും കീടരോഗ പ്രതിരോധവും ത്വരിതപ്പെടുത്തുന്നു.